(ഡി) സാമൂഹിക അനാചാരങ്ങൾക്കും, മദ്യപാനത്തിനും, മയക്കു മരുന്നിനുമെതിരെ യൂത്ത് ക്ലബ്ബുകൾവഴി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു നടപ്പിലാക്കിവരുന്നു. കൂടാതെ ഇതുസംബന്ധിച്ച് യൂത്ത് ക്ലബ്ബുകൾ സമർപ്പിച്ചിട്ടുള്ള പുതിയ പ്രോജക്ടുകൾ പരിശോധിച്ചുവരുന്നു.

സംസ്ഥാനത്തിന്റെ പൊതുവരുമാനം

152 (166) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എൻ. ശക്തൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുവരുമാനത്തിൽ ഈ സാമ്പത്തിക വർഷം എത്ര ശതമാനം വർദ്ധനവാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാനായിട്ടുണ്ടോ ;

(സി) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ പൊതുവരുമാനമായി എന്തുതുകയാണ് ലഭിച്ചത് ;

(ഡി) ഈ സാമ്പത്തികവർഷാവസാനം ഇത് എന്ത് തുകയായിരിക്കും എന്നാണ് കണക്കാക്കുന്നത് ;

(ഇ) അടുത്ത സാമ്പത്തികവർഷം ഈ ഇനത്തിൽ എത്ര ശതമാനം വർദ്ധനവാണ് കണക്കാക്കുന്നത് ;

(എഫ്) ഈ ഇനത്തിൽ കൂടുതൽ വരുമാനം നേടുന്നതിന് നികുതി ക്രമീകരണങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നാണ് കരുതുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2009-10-ലെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ 2010-11-ൽ 17.55% വർദ്ധനവാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 2010 ഡിസംബർവരെയുള്ള പ്രാഥമിക കണക്കുകളുടെ അടിസ്ഥാനത്തിൽ, ഈ ലക്ഷ്യം കൈവരിക്കാനായിട്ടുണ്ട്.

(സി) പ്രാഥമിക കണക്കുകൾപ്രകാരം 2010 ഡിസംബർ 31-വരെ 21,197 കോടി രൂപ റവന്യൂ വരുമാനമായി ലഭിച്ചിട്ടുണ്ട്.

(ഡി) 2010-11-ലെ ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്ന റവന്യൂ വരുമാനമായ 31180.82 കോടി രൂപയുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ&എഫ്) ഇത് സംബന്ധിച്ച വിശദാംശങ്ങൾ 2011-12-ലെ ബഡ്ജറ്റിലൂടെ മാത്രമേ ലഭ്യമാകുകയുള്ളൂ.

679/2016

LIBRARY ARCHIVES Kerala Legislative Assembly